"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ശ്രീ പ്രണവ് ദാസ് ടി -യ്ക്ക് അനുവദിച്ച ശൂന്യവേതനാവധിയിൽ ഉപയോഗിക്കാത്ത കാലയളവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.42/2025/AGRI തീയതി,തിരുവനന്തപുരം, 24-01-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.675/2024/കൃഷി തീയതി 22/07/2024
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19/10/2024 ലെ ADFW/6623/2024-SE1 നമ്പർ നടപടിക്രമം
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27/11/2024 ലെ ADFW/6623/2023-SE1 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കോഴിക്കോട് ജില്ലയിലെ വാണിമേൽ കൃഷി അസിസ്റ്റന്റ് ആയിരുന്ന ശ്രീ പ്രണവ് ദാസ് ടി-യ്ക്ക് സിവിൽ സർവ്വീസ് കോച്ചിംഗിനായി ടിയാളെ സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുന്ന തീയതി മുതൽ 30/05/2026 വരെ കെ.എസ്.ആർ.ഭാഗം I അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. ടിയാന് അനുവദിച്ച ശുന്യവേതനാവധി റദ്ദാക്കി ജോലിയിൽ പുനഃപ്രവേശിക്കാൻ അപേക്ഷ സമർപ്പിച്ചതിനാൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് പ്രകാരം ടിയാനെ ജോലിയിൽ പുനഃപ്രവേശിപ്പിക്കുകയും കോഴിക്കോട് ജില്ലയിലെ നിലവിൽ ഒഴിവുണ്ടായിരുന്ന വാണിമേൽ കൃഷി ഭവനിൽ നിയമിക്കുകയും ചെയ്തിരുന്നുവെന്നും ടിയാൻ വാണിമേൽ കൃഷി ഭവനിൽ 28.10.2024 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും ആയതിനാൽ ടിയാന് അനുവദിച്ച ശുന്യവേതനവധിയിൽ വിനിയോഗിക്കാത്ത അവധി റദ്ദ് ചെയ്യണമെന്നും പരാമർശം (3) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ശ്രീ. പ്രണവ് ദാസ്.ടി യ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച ശുന്യവേതനവധിയിൽ (സർവീസിൽ നിന്നും വിടുതൽ ചെയ്യുന്ന തീയതി മുതൽ 30/05/2026 വരെ ) ടിയാൻ ഉപയുക്തമാക്കാത്ത 28.10.2024 മുതൽ 30.05.2026

വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ. പ്രണവ് ദാസ്.ടി (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/186/2024-AGRI**)

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 24-01-2025 12:42:37
സെക്ഷൻ ഓഫീസർ